# ഉപരിവീക്ഷണം

## ഉപരിവീക്ഷണം

ഈ റിപ്പോർട്ടിൽ ഏഴ് അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്നു. അദ്ധ്യായം Iൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കുറിച്ചുള്ള ആമുഖം അടങ്ങുന്നു. അദ്ധ്യായം IIലും IVലും യഥാക്രമം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും നഗര തദ്ദേശ സ്ഥാപനങ്ങളുടെയും അവലോകനം അടങ്ങിയിരിക്കുന്നു. അദ്ധ്യായം IIIലും VIIലും യഥാക്രമം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും നഗര തദ്ദേശ സ്ഥാപനങ്ങളുടെയും ജില്ലാ കേന്ദ്രീകൃത ഓഡിറ്റ് കണ്ടെത്തലുകൾ അടങ്ങിയിരിക്കുന്നു. ഒരു വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റും മൂന്ന് അനുവർത്തന ഓഡിറ്റ് ഖണ്ഡികകളും ഉൾപ്പെട്ടതാണ് Vഉം VIഉം അദ്ധ്യായങ്ങൾ. ഓഡിറ്റ് ഖണ്ഡികകളുടെ കരട് പ്രതികൾ സർക്കാരിന് അയച്ചു കൊടുക്കുകയും, ലഭ്യമായ മറുപടികൾ യഥാവിധി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കുറിച്ചുള്ള ആമുഖവും അവലോകനവും

ഉത്പാദനമേഖലയ്ക്കായി 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ചെലവഴിച്ച തുക 10.44 ശതമാനം മുതൽ 12.67 ശതമാനം വരെയും നഗര തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിച്ച തുക 4.61 ശതമാനം മുതൽ 6.19 ശതമാനം വരെയുമാണ്. ഉത്പാദന മേഖലകളായ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം തുടങ്ങിയവയ്ക്ക് കുറഞ്ഞ മുൻഗണനയാണ് നൽകിയിട്ടുള്ളതെന്നാണ് ഇത് സൂചിപ്പിക്കുന്നത്. കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും സമാന്തരമായി പദ്ധതികൾ നടപ്പാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണ അധികാരത്തെ ദുർബലപ്പെടുത്തുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ അനുവദിച്ച ₹8303.40 കോടിയിൽ ₹1274.63 കോടിയും (15.35 ശതമാനം) നഗര തദ്ദേശ സ്ഥാപനങ്ങളിൽ അനുവദിച്ച ₹2195.08 കോടിയിൽ ₹384.98 കോടിയും (17.54 ശതമാനം) 2022-23 സാമ്പത്തിക വർഷത്തിൽ കാലഹരണപ്പെട്ടു.

***(അദ്ധ്യായങ്ങൾ I ഉം II ഉം IV ഉം)***

### പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും നഗര തദ്ദേശ സ്ഥാപനങ്ങളുടെയും ജില്ലാ കേന്ദ്രീകൃത ഓഡിറ്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികജാതി ഉപപദ്ധതിയുടെയും (എസ്‌സിഎസ്‌പി) പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും (ടിഎസ്‌പി) തിരഞ്ഞെടുത്ത ജില്ലകളിലെ ജില്ലാ കേന്ദ്രീകൃത ഓഡിറ്റിൽ, ആസൂത്രണം, ഫണ്ട് വിനിയോഗം, അവശ്യ സേവനങ്ങൾ നൽകൽ എന്നിവയിൽ ഗണ്യമായ പോരായ്മകളുണ്ടെന്ന് വെളിപ്പെട്ടു.

- ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ അംഗീകരിച്ചെങ്കിലും, എസ്‌സി/എസ്‌ടി കുടുംബങ്ങളുടെ പുതുക്കിയ സർവ്വേ നടത്താത്തതിനാൽ പിആർഐകൾക്കും/സംസ്ഥാന സർക്കാരിനും എസ്‌സിഎസ്‌പി/ടിഎസ്‌പി ആസൂത്രണത്തിനും ഫണ്ട് അനുവദിക്കുന്നതിനും 12 മുതൽ 15 വർഷം വരെ പഴക്കമുള്ള ഡാറ്റയെ ആശ്രയിക്കേണ്ടിവന്നു.
- ഉത്പാദനമേഖലയിലെ പദ്ധതികൾക്ക് വേണ്ടി പിആർഐകളും യുഎൽബികളും എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടിന്റെ വളരെ കുറഞ്ഞ പങ്ക് മാത്രം വകയിരുത്തിയത് (പിആർഐകൾ: എസ്‌സിഎസ്‌പിക്കു കീഴിൽ 1.37 ശതമാനം മുതൽ 10.06 ശതമാനം വരെയും ടിഎസ്‌പിക്കു കീഴിൽ 2.36 ശതമാനം മുതൽ 17.87 ശതമാനം വരെയും; യുഎൽബികൾ: എസ്‌സിഎസ്‌പിക്കു കീഴിൽ 0.51 ശതമാനം മുതൽ 2.14 ശതമാനം വരെ) ഉപജീവനോപാധി ലക്ഷ്യമാക്കിയുള്ള ഇടപെടലുകൾക്ക് വളരെ കുറഞ്ഞ പ്രാധാന്യമേ നൽകിയുള്ളൂ എന്ന വസ്തുത പ്രതിഫലിപ്പിക്കുന്നു.

- ഓഡിറ്റ് പരിശോധന നടത്തിയ പിആർഐകളും യുഎൽബികളും കുടിവെള്ളത്തിനും ശുചിത്വത്തിനുമുള്ള സമൂഹത്തിന്റെ ഡിമാന്റുകളിൽ ഒരു ചെറിയ ഭാഗം മാത്രമേ പരിഹരിച്ചുള്ളൂ. പിആർഐകൾ കുടിവെള്ള ഡിമാന്റുകളിൽ 42.20 ശതമാനം മാത്രമേ നിറവേറ്റിയുള്ളൂ, ടോയ്‌ലറ്റ് സംബന്ധമായ ആവശ്യങ്ങളിൽ 4.62 ശതമാനം മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. അതേസമയം, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ യുഎൽബികൾ കുടിവെള്ള ഡിമാന്റുകളിൽ 20 ശതമാനം മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. സ്വച്ഛ് ഭാരത് മിഷൻ പോലുള്ള ദേശീയ ശുചിത്വ പദ്ധതികൾ നിലവിലുണ്ടായിട്ടും പ്രാദേശിക ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉള്ള ഗണ്യമായ പോരായ്മകളാണ് ഇത് എടുത്തുകാണിക്കുന്നത്.
- അനുവദിച്ച ഫണ്ടിന്റെ ചെലവ് കുറഞ്ഞത് കാരണം 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹82.99 കോടിയുടെ എസ്‌സിഎസ്‌പി ഫണ്ടുകളും ₹6.86 കോടിയുടെ ടിഎസ്‌പി ഫണ്ടുകളും കാലഹരണപ്പെട്ടു.
- സ്കോളർഷിപ്പുകൾക്കായി നിർദ്ദേശിച്ച ഗുണഭോക്തൃ-തിരഞ്ഞെടുപ്പ് ഫോർമുല 10 പിആർഐകളും രണ്ട് യുഎൽബികളും അവഗണിച്ചത് യോഗ്യരായ 109 വിദ്യാർത്ഥികളെ ഒഴിവാക്കുന്നതിലേക്ക് നയിച്ചു.
- വീടില്ലാത്തവരായോ ഭൂരഹിതരായോ രേഖപ്പെടുത്തിയിട്ടുള്ള യോഗ്യരായ പട്ടികജാതി/പട്ടികവർഗ്ഗ (എസ്‌സി/എസ്ടി) കുടുംബങ്ങളെ-12 പിആർഐകൾ 995 കുടുംബങ്ങളെയും 10 യുഎൽബികൾ 2,740 കുടുംബങ്ങളെയും-ലൈഫ് ഭവന ഗുണഭോക്തൃ പട്ടികയിൽ നിന്ന് ഒഴിവാക്കി.
- 45 പിആർഐകളിലെ 65 പട്ടികജാതി/പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലും ഒൻപത് യുഎൽബികളിലെ ഒൻപത് പട്ടികജാതി/പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലും കുടിവെള്ളം മലിനമാണെന്ന് ശ്രദ്ധയിൽപ്പെട്ടു.
- ചാലിയാർ ഗ്രാമപഞ്ചായത്തിലെ വെറ്റിലക്കൊല്ലി ഗോത്രവർഗ്ഗ സെറ്റിൽമെന്റിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ വീട്, കുടിവെള്ളം, ടോയ്‌ലറ്റുകൾ, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംവിധാനപരമായ അവഗണന ഉള്ളതായി കണ്ടെത്തി.

***(അദ്ധ്യായങ്ങൾ III ഉം VII ഉം)***

## നഗര തദ്ദേശസ്ഥാപനങ്ങളുടെ ആസ്തി പരിപാലനം സംബന്ധിച്ച വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

24 യുഎൽബികളിൽ നടത്തിയ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ അനുവർത്തന ഓഡിറ്റിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ താഴെ പറയുന്നവയാണ്:

- പരിശോധന നടത്തിയ യുഎൽബികൾ അവരുടെ അധികാരപരിധിയിലുള്ള ആസ്തികളുടെ ഫലപ്രദമായ മാനേജ്മെന്റിനായി ആസ്തി പരിപാലന പദ്ധതിയും തന്ത്രവും തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യാനും ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കാനും സർക്കാർ നിർദ്ദേശിച്ചിരുന്നെങ്കിലും, തിരഞ്ഞെടുത്ത 24 യുഎൽബികളിൽ ഒന്നും തന്നെ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയില്ല.
- തിരഞ്ഞെടുത്ത യുഎൽബികൾക്ക് അവരുടെ ഭൂമിയുടെ 82 ശതമാനത്തിനും ആധാരമോ സാധുവായ ഉടമസ്ഥാവകാശ രേഖകളോ ഇല്ലായിരുന്നു, ഇത് കൈയേറ്റങ്ങൾക്ക് കാരണമാവുകയും ഉടമസ്ഥാവകാശം ഉറപ്പിക്കുന്നതിലും സംരക്ഷിക്കുന്നതിലും പരാജയപ്പെടുന്നതിലേക്ക് നയിക്കുകയും ചെയ്തു. സ്വന്തം ഭൂമി സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതുമൂലം കൈയേറ്റങ്ങളുണ്ടായ സന്ദർഭങ്ങൾ പാലക്കാട് മുനിസിപ്പാലിറ്റിയിലും കൊച്ചി കോർപ്പറേഷനിലും ശ്രദ്ധയിൽപ്പെട്ടു.
- ഉദ്ദേശിച്ച ആവശ്യങ്ങൾക്ക് അനുയോജ്യമല്ലാത്ത ഭൂമി യുഎൽബികൾ വാങ്ങിയതിന്റെ ഫലമായി ₹7.50 കോടിയുടെ നിഷ്ഫലമായ ചെലവ് ഉണ്ടായി (തൃശ്ശൂർ

കോർപ്പറേഷനിൽ സീവേജ് സംസ്കരണ പ്ലാന്റിന് തണ്ണീർത്തടവും ഭവന പദ്ധതി നടപ്പാക്കുന്നതിന് നെൽവയലും വാങ്ങിയത്). വിവിധ സേവന വിതരണ പദ്ധതികളുടെ കാര്യത്തിൽ, നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് സ്ഥലത്തിന്റെ അവസ്ഥ ഉറപ്പാക്കിയിരുന്നില്ല, അതിന്റെ ഫലമായി ₹7.96 കോടിയുടെ നിഷ്ഫലമായ ചെലവ് ഉണ്ടായി.

- തിരഞ്ഞെടുത്ത യുഎൽബികൾ പ്രായോഗികത, പ്രവർത്തനരീതി, മുതലായവ വിശകലനം ചെയ്യാതെ വനിതാ ഘടക പദ്ധതികൾ രൂപപ്പെടുത്തിയത് ₹12.12 കോടി മൂല്യമുള്ള ആസ്തികൾ നിഷ്ക്രിയമാകുന്നതിന് കാരണമായി. നാല് യുഎൽബികളിലായി (തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ, കൽപ്പറ്റ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികൾ) അഞ്ച് ഷീ ലോഡ്ജുകൾ/വനിതാ ഹോസ്റ്റലുകൾ (₹7.19 കോടി), ആറ് യുഎൽബികളിലായി 11 വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങൾ (₹3.23 കോടി), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലായി ഏഴ് വനിതാ വിശ്രമമുറികൾ/സ്ത്രീസൗഹൃദകേന്ദ്രങ്ങൾ (₹1.37 കോടി) എന്നിവ ആസൂത്രണത്തിന്റെയും മാനേജ്മെന്റിന്റെയും അഭാവം മൂലം വർഷങ്ങളായി നിഷ്ക്രിയമായി കിടന്നു, ഇത് അവയിലൂടെ ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയാതാക്കി.
- മാർക്കറ്റ് കെട്ടിടങ്ങൾ (തിരുവനന്തപുരം കോർപ്പറേഷൻ – പാങ്ങോട്, കൊച്ചി കോർപ്പറേഷൻ – പള്ളുരുത്തി), ഷോപ്പിംഗ് കോംപ്ലക്സുകൾ (തൃശ്ശൂർ കോർപ്പറേഷൻ – ഒളരി, തിരുവനന്തപുരം കോർപ്പറേഷൻ – മണ്ണന്തല, പേരൂർക്കട), കമ്മ്യൂണിറ്റി ഹാളുകൾ (ഏഴ് യുഎൽബികളിൽ 51 എണ്ണം), ഗ്യാസ് ശ്മശാനം (നാല് യുഎൽബികളിൽ അഞ്ച് എണ്ണം) എന്നിവയും നിഷ്ക്രിയമായി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.
- പാലക്കാട് മുനിസിപ്പാലിറ്റി ഫണ്ട് ഉറപ്പുവരുത്താതെ ഏഴ് പ്രധാന കെട്ടിടനിർമ്മാണ പദ്ധതികൾ ആരംഭിച്ചതുകാരണം, ₹14.17 കോടി ചെലവഴിച്ച് ആറ് വർഷം കഴിഞ്ഞിട്ടും എല്ലാ പ്രവൃത്തികളും അപൂർണ്ണമായി തുടർന്നു. ഭാഗികമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് പാട്ടക്കാരെ ലഭിച്ചില്ല, ഇത് ഫലപ്രദമല്ലാത്ത ചെലവിന് കാരണമായി.
- എസ്റ്റിമേറ്റിലെ ആവർത്തിച്ചുള്ള തിരുത്തലുകൾ, തർക്കങ്ങൾ, അപര്യാപ്തമായ പദ്ധതി മാനേജ്മെന്റ് എന്നിവ കാരണം ₹25.70 കോടി ചെലവഴിച്ചിട്ടും കൊച്ചി കോർപ്പറേഷന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 17 വർഷത്തിനുശേഷവും അപൂർണ്ണമായി തുടർന്നു. കൂടാതെ, കെട്ടിടത്തിലെ വെള്ളക്കെട്ട് പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുന്നത്, ആസൂത്രണത്തിന്റെയും മേൽനോട്ടത്തിന്റെയും അപര്യാപ്തതയെ സൂചിപ്പിക്കുന്നു.
- തിരഞ്ഞെടുത്ത ഏഴ് യുഎൽബികളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ, ഖരമാലിന്യ സംസ്കരണ ഉപകരണങ്ങൾ തുടങ്ങിയ പ്ലാന്റുകളും യന്ത്രങ്ങളും ഉപയോഗശൂന്യമായി കിടന്നതിന്റെ ഫലമായി ₹2.66 കോടിയുടെ നിഷ്ഫലമായ ചെലവ് ഉണ്ടായി.
- കോർപ്പറേഷനുകളിലെ 43.05 ശതമാനം വാഹനങ്ങളും മുനിസിപ്പാലിറ്റികളിലെ 24.88 ശതമാനം വാഹനങ്ങളും പ്രവർത്തനരഹിതമാണെന്ന് ഓഡിറ്റിൽ കണ്ടെത്തി. പ്രവർത്തനരഹിതമായ വാഹനങ്ങളുടെ അനുപാതം തൃശ്ശൂർ കോർപ്പറേഷനിലെ 17.65 ശതമാനം മുതൽ കൊച്ചി കോർപ്പറേഷനിലെ 74.12 ശതമാനം വരെ എന്ന പരിധിയിൽ ആയിരുന്നു. എസ്റ്റിമേറ്റ് അംഗീകരിക്കൽ, വർക്ക് ഓർഡർ നൽകൽ, വർക്ക്ഷോപ്പിലേക്ക് പണം നൽകൽ തുടങ്ങി വിവിധ തലങ്ങളിൽ കൊച്ചി കോർപ്പറേഷൻ കാലതാമസം വരുത്തിയതിനാൽ വാഹനങ്ങൾ ഏഴ് വർഷം വരെ പ്രവർത്തനരഹിതമായി കിടന്ന് അവയ്ക്ക് പരിഹരിക്കാനാകാത്ത കേടുപാടുകൾ ഉണ്ടാക്കുന്നതിനും പൊതുജനങ്ങളുടെ പണം നഷ്ടപ്പെടുന്നതിനും കാരണമായി.

***(അദ്ധ്യായം V)***

## നഗര തദ്ദേശസ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

അംഗീകൃത ഏജൻസികൾ വഴി നടത്തിയ പ്രവൃത്തികൾക്ക് കോഴിക്കോട് കോർപ്പറേഷനും, പാലക്കാട്, കോട്ടക്കൽ മുനിസിപ്പാലിറ്റികളും സർക്കാർ ഉത്തരവുകൾ ലംഘിച്ച് ഉയർന്ന നിരക്കിൽ സെന്റേജ് ചാർജ് നൽകിയത് ₹50.35 ലക്ഷം അധികമായി നല്കുന്നതിന് കാരണമായി.

***(ഖണ്ഡിക 6.1)***

ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ്, 2016 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെയും മൂല്യവർദ്ധിത നികുതി ഉൾപ്പെട്ട വില സൂചികയുടെയും അടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് കരാർ നൽകുകയും പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യത്തിന് 12 ശതമാനം ജിഎസ്ടി കൂട്ടതലായി നൽകുകയും ചെയ്യതിലൂടെ പാലക്കാട്, കോട്ടക്കൽ, കാസർഗോഡ് മുനിസിപ്പാലിറ്റികൾ അക്രഡിറ്റഡ് ഏജൻസികൾക്ക് ₹68.61 ലക്ഷം അധിക ജിഎസ്ടി നൽകുന്നതിന് കാരണമായി.

***(ഖണ്ഡിക 6.3 )***